പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2519 — 18.06.2014 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾ - രജിസ്ട്രേഷൻ നിർബന്ധമാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം താഴെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 1377 |
| 2 | കൊല്ലം | 872 |
| 3 | പത്തനംതിട്ട | 2283 |
| 4 | ആലപ്പുഴ | 1865 |
| 5 | കോട്ടയം | 2349 |
| 6 | ഇടുക്കി | 1098 |
| 7 | എറണാകുളം | 6320 |
| 8 | തൃശ്ശൂർ | 3070 |
| 9 | പാലക്കാട് | 2927 |
| 10 | മലപ്പുറം | 2260 |
| 11 | കോഴിക്കോട് | 3500 |
| 12 | വയനാട് | 4697 |
| 13 | കണ്ണൂർ | 5750 |
| 14 | കാസർഗോഡ് | 3985 |
| | ആകെ | 42353 |

(ബി) പ്രസ്തുത അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നു കയറ്റം സംസ്ഥാനത്തുള്ള തൊഴിലാളികളുടെ തൊഴിൽ സാധ്യതയെ സാരമായി ബാധിക്കുന്നു എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) മാനവശേഷി കൂടുതലായി ആവശ്യമുള്ള മേഖലയിൽ അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ വരവു മൂലം സംസ്ഥാനത്തുള്ള തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യതയെ സാരമായി ബാധിച്ചതായി കണ്ടെത്തിയിട്ടില്ല.

(സി) ഏതൊക്കെ സംസ്ഥാനത്തിൽ നിന്നുള്ള തൊഴിലാളികളാണ് ജോലി തേടി സംസ്ഥാനത്ത് വരുന്നത്;

(സി) തൊഴിൽ വകുപ്പിന് വേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാസ് & ടാക്സേഷൻ (GIFT) നടത്തിയ പഠനത്തിൽ പ്രധാനമായും ഉത്തർപ്രദേശ്, ആസ്സാം, പശ്ചിമബംഗാൾ, ബീഹാർ, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളാണ് കേരളത്തിലേയ്ക്ക് വരുന്നതായി കണ്ടെത്തിയിരിക്കുന്നത്.

(ഡി) പ്രസ്തുത തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിർബന്ധമാക്കിയിട്ടില്ല. അന്യ സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനും ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുള്ള കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 സർക്കാരിന്റെ പരിഗണനയിലാണ്. ടി ബിൽ നിയമമായി കഴിഞ്ഞാൽ മാത്രമേ പ്രസ്തുത തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കാൻ കഴിയുകയുള്ളൂ.

(ഇ) രജിസ്റ്റർ ചെയ്യാതെ അന്യസംസ്ഥാന തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിച്ചാൽ പിഴ ഈടാക്കാൻ നിയമം കൊണ്ടുവരണമെന്ന് ശുപാർശ ലേബർ കമ്മീഷണറേറ്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) സർക്കാരിന്റെ പരിഗണനയിലുള്ള കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 18-ാം വകുപ്പിൽ തൊഴിലുടമയിൽനിന്നും പിഴ ഈടാക്കുന്നതിനുള്ള വകുപ്പ് ചേർത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (എഫ്) | അന്യസംസ്ഥാന തൊഴിലാളികളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (എഫ്) | ബോദ്ധ്യപ്പെട്ടിട്ടു ണ്ട്. എങ്കിലും ചില തൊഴിലിടങ്ങളിൽ സൗകര്യപ്രദമല്ലാത്തതും വൃത്തിഹീനമായ താമസസൗകര്യങ്ങളാണ് കണ്ടുവരുന്നത്. ഇത് പരിശോധിക്കുന്നതിന് തൊഴിൽ, ആരോഗ്യം, പോലീസ് എന്നീ വകുപ്പിലെ ഉദ്യോഗസ്ഥർ സംയോജിച്ച് ഇൻസ്പെക്ഷൻ നടത്തി നിയമലംഘനം നടത്തിയതായി കണ്ടെത്തുന്ന തൊഴിലുടമ/കരാറുകാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ജി) | ഇവരെ ചൂഷണം ചെയ്യുന്ന സ്പോൺസർമാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു വരുന്നു; വിശദമാക്കുമോ? | (ജി) | അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാവേളകളിൽ ഇവർക്ക് നിയമാനുസൃതമായ എല്ലാ പരിരക്ഷയും ലഭിയ്ക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു ണ്ട്. നിയമലംഘനം നടത്തുന്ന തൊഴിലുടമ/ കരാറുകാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ.